**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1007** **06-10-2021 - ൽ മറുപടിയ്ക്ക്**

**ജലജീവൻ പദ്ധതിയും റോഡുകളുടെ പുന:സ്ഥാപനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലജീവൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്ഥാപനങ്ങളുടെ റോഡുകൾ വ്യാപകമായി വെട്ടിപ്പൊളിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ജല ജീവൻ മിഷൻ പദ്ധതി പ്രകാരമുള്ള പ്രവർത്തികൾ നിർവ്വഹിക്കുന്നതിലേക്കായി തദ്ദേശ സ്ഥാപനങ്ങളുടെ റോഡുകൾ മുറിക്കേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത റോഡുകൾ അറ്റകുറ്റപ്പണി ചെയ്ത് പൂർവ്വസ്ഥിതിയിലാക്കുന്നതിന് എന്തെങ്കിലും കർമ്മപദ്ധതി പരിഗണനയിലുണ്ടോ; | (ബി) | ജല ജീവൻ മിഷൻ പദ്ധതി ഗ്രാമ പഞ്ചായത്തുകളുടെ ചുമതലയിൽ നടപ്പിലാക്കുന്ന പദ്ധതിയാണ്. ജല ജീവൻ മിഷൻ പദ്ധതി പ്രകാരമുള്ള പ്രവർത്തികൾ നിർവ്വഹിക്കുന്ന തിലേക്കായി മുറിക്കേണ്ടി വരുന്ന  റോഡുകൾ താത്കാലികമായി പുനഃസ്ഥാപിക്കുന്നതിന് പ്രവർത്തിയുടെ അംഗീകൃത ഷെഡ്യൂളിൽ വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്. റോഡുകളുടെ പൂർണ്ണമായ പുനസ്ഥാപനം തദ്ദേശ സ്ഥാപനങ്ങളുടെ ചുമതലയാണ്. . |
| (സി) | ജലജീവൻ പദ്ധതികളുടെ ഭാഗമായി റോഡുകളിൽ പൈപ്പ്‌ലൈൻ സ്ഥാപിക്കുന്നതിന് പി.ഡബ്ല്യു.ഡി. യുടെ അനുമതി ലഭ്യമല്ലാത്തതിനാൽ എത്ര കുടിവെള്ള പദ്ധതികൾ സംസ്ഥാനത്ത് തടസ്സപ്പെട്ടിട്ടുണ്ട്; അറിയിക്കാമോ; | (സി) | അനുമതി ലഭിക്കാത്ത പദ്ധതികൾ ഉൾകൊള്ളുന്ന പഞ്ചായത്തുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | ഇത്തരത്തിൽ കുടിവെള്ള പദ്ധതികൾ തടസ്സപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് ഉന്നതതല കമ്മിറ്റിയുടെ സാധ്യത പരിശോധിക്കുമോ; | (ഡി) | ഇത്തരത്തിലുള്ള വിഷയങ്ങൾ പരിഹരിക്കു ന്നതിനായി സ്റ്റേറ്റ് വാട്ടർ ആന്റ് സാനിറ്റേഷൻ മിഷന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി കൂടുന്നുണ്ട്. കൂടാതെ ഇത്തരം വിഷയങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഇ) | ജലജീവൻ പദ്ധതികൾക്ക് പഞ്ചായത്ത് അനുമതി ലഭ്യമല്ലാത്തതിനാൽ അവ തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പഞ്ചായത്തു അനുമതി ലഭ്യമായ പദ്ധതികൾക്ക് മാത്രമേ ഭരണാനുമതി നൽകുകയുള്ളൂ. ആയതിനാൽ നിലവിൽ നടന്നു കൊണ്ടിരിക്കുന്ന പദ്ധതികൾക്ക് തടസമില്ല. അനുമതി ലഭ്യമാകുവാനുള്ള പഞ്ചായത്തുകളിൽ |

| | | | |
|---|---|---|---|
| | | | നിന്നും അവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (എഫ്) | ജലജീവൻ മിഷൻ വഴി നടപ്പാക്കുന്ന/ പൂർത്തീകരിക്കുന്ന കുടിവെള്ള പദ്ധതികൾ ഏത് ഏജൻസി വഴി തുടർപരിപാലനം നടത്താനാണ് നിശ്ചയിച്ചിരിക്കുന്നത്; ഇതുമായി ബന്ധപ്പെട്ട് എൽ.എസ്.ജി.ഡി.-ഡബ്ലിയു.ആർ.ഡി. വകുപ്പുകൾ സംയുക്തമായി കൈക്കൊണ്ട തീരുമാനം അറിയിക്കാമോ? | (എഫ്) | ജല ജീവൻ മിഷൻ മാർഗ്ഗരേഖ പ്രകാരം കുടിവെള്ള പദ്ധതികളുടെ തുടർ പരിപാലനം പഞ്ചായത്തുകളുടെ/വില്ലേജ് വാട്ടർ ആന്റ് സാനിറ്റേഷൻ കമ്മിറ്റികളുടെ ചുമതലയിലാണ്. ഇതിനായുള്ള കരാറിന്മേൽ തീരുമാനം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ജില്ല | പഞ്ചായത്ത് |
|---|---|
| തിരുവനന്തപുരം | കോട്ടുകാൽ , തിരുപ്പുറം ,വെങ്ങാന്നൂർ |
| കൊല്ലം | ശൂരനാട് സൗത്ത് , ഏരൂർ , അലയമൺ , കുളത്തുപ്പുഴ, അഞ്ചൽ. |
| കോട്ടയം | അതിരമ്പുഴ , മണിമല , വെള്ളാവൂർ , ചിറക്കാവ് , വാഴൂർ , പള്ളിക്കത്തോട് , അയർകുന്നം |
| ആലപ്പുഴ | കഞ്ഞിക്കുഴി, പള്ളിപ്പുറം , പാണാവള്ളി . |
| തൃശ്ശൂർ | മതിലകം , ഏങ്ങണ്ടിയൂർ , ശ്രീനാരായണപുരം , പെരിഞ്ഞനം , കൈപ്പമംഗലം , വലപ്പാട് , നാട്ടിക , എടത്തിരുത്തി , തളിക്കുളം , വാടാനപ്പിള്ളി , തൃക്കൂർ , നെന്മണിക്കര , മേലൂർ , കടുകുറ്റി. |
| പാലക്കാട് | മുണ്ടൂർ , അമ്പലപ്പാറ , മതുതല ,തിരുവേഗപ്പുര , പരതൂർ , വാണിയംകുളം. |
| കോഴിക്കോട് | കുന്നമംഗലം |
| കണ്ണൂർ | ചെറുതാഴം , കുഞ്ഞിമംഗലം |